**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 54 — 28-11-2018 -ൽ മറുപടിക്ക്

## നവ കേരള സൃഷ്ടി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.പുരുഷൻ കടലുണ്ടി** | | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| എ) | സംസ്ഥാനത്തെ മഹാ പ്രളയത്തിൽ വിവധ മേഖലകളിൽ സംഭവിച്ച നാശനഷ്ടങ്ങൾ തിട്ടപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ നവകേരളം സൃഷ്ടിക്കുന്നതിനായി എത്ര കോടി രൂപയാണ് സർക്കാരിന് സമാഹരിക്കേണ്ടിവരികയെന്ന് വ്യക്തമാക്കുമോ; | എ) | ഉണ്ട്. ഐക്യരാഷ്ട്ര സഭയുടെ പോസ്റ്റ് ഡിസാസ്റ്റർ നീഡ് അസസ്സ്മെന്റ് (Post Disaster Need Assesment-PDNA) റിപ്പോർട്ട് പ്രകാരം സംസ്ഥാനത്തിന്റെ പുനർനിർമാണത്തിന് 31,000 കോടി രൂപ വേണമെന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്. |
| ബി) | നവ കേരള സൃഷ്ടിക്കായി സർക്കാർ തലത്തിൽ എന്തെല്ലാം നടപടികളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളത് എന്നറിയിക്കാമോ; | ബി) | നവകേരള നിർമ്മാണത്തിനായി ശാസ്ത്രീയമായ പഠനങ്ങളുടെയും പ്രവാസി കളുൾപ്പെടെ പുതിയ നിർമ്മാണ സാങ്കേതികവിദ്യകളിൽ അറിവും പരിചയവും അനുഭവവും ഉള്ളവരുടെയെല്ലാം അഭിപ്രായങ്ങൾ കൂടി പരിഗണിച്ചായിരിക്കും പുനർനിർമ്മാണം നടത്തുക. ഇത്തരത്തി ലൊരു സമഗ്ര സമീപനം സ്വീകരിക്കുമ്പോൾ തന്നെ ആദ്യ ഘട്ടത്തിൽ ആസ്തികളുടെ പ്രയോഗക്ഷമത ഉറപ്പുവരുത്താൻ ആവശ്യമായ അറ്റകുറ്റപ്പണികളും അതിനായുള്ള നിക്ഷേപവും നടത്തേണ്ടതുണ്ട്. ആസൂത്രണത്തിലും നിർമ്മാണത്തിലും വേഗതയും കാര്യക്ഷമതയും ലക്ഷ്യംവയ്ക്കുന്ന പ്രസ്തുത പദ്ധതി കേരള പുനർനിർമ്മാണ പദ്ധതി (Rebuild Kerala Initiative) എന്ന പേരിലാണ് അറിയപ്പെടുന്നത്. പ്രളയം പോലുള്ള പ്രകൃതിദുരന്തങ്ങളിൽ തകർന്നുപോകാത്ത പ്രകൃതിക്കനുയോജ്യമായ നിർമ്മാണ പ്രവർത്തനങ്ങളാണ് ഈ പദ്ധതി വിഭാവനം ചെയ്യുന്നത്. മന്ത്രിസഭയുടെ നേരിട്ടുള്ള മേൽനോട്ടത്തിലും നിരീക്ഷണത്തി ലുമാണ്, കേരള പുനർനിർമ്മാണ പദ്ധതി (RKI) |

| | | | |
|---|---|---|---|
| | | | നടപ്പാക്കപ്പെടുക. മുഖ്യമന്ത്രി ചെയർമാനും, ബഹു. പ്രതിപക്ഷ നേതാവ്, മുഖ്യമന്ത്രി നാമനിർദ്ദേശം നൽകുന്ന മന്ത്രിമാർ, സംസ്ഥാന ആസൂത്രണ ബോർഡ് വൈസ് ചെയർമാൻ, ഭരണ പരിചയസമ്പന്നരായ പ്രമുഖ വ്യക്തികൾ, ഒരു യുവ സംരംഭകൻ, വിവിധ വിഷയമേഖലകളിലെ അഭിജ്ഞരായ വ്യക്തികൾ തുടങ്ങിയവരൊക്കെ അടങ്ങുന്ന ഉപദേശക സമിതിയാണ് കേരള പുനർനിർമ്മാണ പദ്ധതിക്കുവേണ്ടി രൂപീകരിച്ചിട്ടുള്ളത്. ചീഫ് സെക്രട്ടറിയാണ് ഉപദേശക സമിതിയുടെ മെമ്പർ സെക്രട്ടറി. ചീഫ് സെക്രട്ടറി അദ്ധ്യക്ഷനും വിവിധ വകുപ്പ് സെക്രട്ടറിമാർ അംഗങ്ങളുമായുള്ള ഉന്നതതല അധികാര സമിതിയാണ് കേരള പുനർനിർമ്മാണ പദ്ധതിക്ക് ഉണ്ടാവുക. ബന്ധപ്പെട്ട ഉത്തരവ് അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| സി) | പ്രളയത്തിൽ തകർന്ന കേരളത്തെ പുനസൃഷ്ടിക്കുന്നതിനായി വിദേശ രാജ്യങ്ങളുൾപ്പെടെ വിവിധ ഏജൻസികളിൽ നിന്നും ധനസമാഹരണം നടത്തുന്നതിന് കേന്ദ്ര ഗവൺമെന്റ് എന്തെങ്കിലും തരത്തിലുള്ള നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് അറിയിക്കാമോ; | സി) | ദേശീയ ദുരന്ത ലഘൂകരണ പദ്ധതിയുടെ Sub-section 9.1, 9.2-ൽ പരാമർശിക്കുന്ന നിർദേശം പ്രകാരം സംസ്ഥാന സർക്കാരിന് നേരിട്ട് വിദേശ സർക്കാരുകളുടെയോ, ബഹുരാഷ്ട്ര ഏജൻസികളുടെയോ, ഐക്യരാഷ്ട്ര സഭയുടെ ഏജൻസികളുടെയോ സഹായം സ്വീകരിക്കുവാൻ സാധിക്കില്ല. കേന്ദ്ര സർക്കാരിന്റെ അനുമതി ഇതിലേക്ക് ആവശ്യമാണ്. |
| ഡി) | നവ കേരള സൃഷ്ടിക്കായി എത്ര കോടി രൂപയാണ് കേന്ദ്ര ഗവൺമെന്റ് ഇപ്പോൾ പ്രഖ്യാപിച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ? | ഡി) | പ്രളയവുമായി ബന്ധപ്പെട്ട് കേന്ദ്ര ദുരന്ത പ്രതികരണ നിധിയിൽ നിന്ന് 600 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ